അസോസിയേഷൻ സ്പെഷ്യൽ സപ്ലിമെന്റ്

മലങ്കര മഹാപള്ളിയോഗം മുളന്തുരുത്തി

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ

27 ആഗസ്റ്റ് 2026

BASELIOS VIDYANIKETHAN

www.baseliosvidyanikethan.com

SENIOR SECONDARY SCHOOL (CBSE)

(Affiliation No. 930739)

Giri Sinai, Vettickal
Ernakulam Dist.,
Kerala Pin - 682 314

Ph: 0484-2742250 | E-mail: baseliosvidyanikethancbse@gmail.com

Ph: 0481 - 2574323
2578500

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

ഓഗസ്റ്റ് 14, 2026

1876ൽ പ്രതിസന്ധികളുടെ പെരുമഴക്കാലത്താണ് മലങ്കര സഭയുടെ ചരിത്രത്തെ മാറ്റിമറിച്ച മുളന്തുരുത്തി സുന്നഹദോസ് നടക്കുന്നത്. നൂറ്റിയൻപത് വർഷങ്ങൾക്കിപ്പുറം, 2026-ൽ മലങ്കര സുറിയാനി ക്രിസ്ത്യൻ അസോസിയേഷൻ വീണ്ടും മുളന്തുരുത്തിയിൽ കൂടിവരുമ്പോൾ, അത് കേവലം ഒരു വാർഷിക സമ്മേളനമല്ല; മറിച്ച് ഒന്നര നൂറ്റാണ്ട് നീണ്ട സഭാചരിത്രത്തിന്റെയും വിശ്വാസ സംരക്ഷണത്തിന്റെയും പുനർവായനയാണ്.

മലങ്കര സഭയുടെ തനതായ ഭരണനിർവഹണ രീതിയായിരുന്നു പള്ളി യോഗങ്ങൾ. ഭരണനിർവ്വഹണം വിശ്വാസിസമൂഹത്തിന്റെ ആലോചന കൂടി അറിഞ്ഞുള്ള കൂട്ടായ ഉത്തരവാദിത്വമാണെന്ന ബോധം പുരാതന കാലം തൊട്ടേ മലങ്കര സഭ കാത്തു സൂക്ഷിച്ചു. പള്ളി യോഗങ്ങൾ അതിന്റെ ഉദാത്ത നിദർശനമാണ്. ഈ ജനാധിപത്യ പാരമ്പര്യത്തിന്റെ വിപുലീകരിച്ച രൂപമാണ് 1876-ൽ പരി. പത്രോസ് ത്രുതീയൻ പാത്രിയർക്കീസിന്റെ അധ്യക്ഷതയിൽ നടന്ന സുന്നഹദോസിലൂടെ 'മലങ്കര സുറിയാനി ക്രിസ്ത്യൻ അസോസിയേഷൻ' എന്ന പേരിൽ രൂപീകൃതമായത്. ഓരോ ഇടവകയിൽ നിന്നുമുള്ള വൈദികരും അല്മായരും സഭയുടെ പൊതുനിർണ്ണയങ്ങളിൽ തുല്യ പങ്കാളികളാകുന്ന ചരിത്രപരമായ മാറ്റത്തിന് മുളന്തുരുത്തി സാക്ഷ്യം വഹിച്ചു. ഇതാ വീണ്ടും ആ മണ്ണിൽ മലങ്കര മക്കൾ അവരുടെ പൂർവികരുടെ കാലടികളെ പിന്തുടർന്ന് വീണ്ടും ഒന്നു ചേരുകയാണ്. ഈ ഒത്തുചേരലിന്റെ ഏറ്റവും വലിയ പ്രത്യേകത- അവരാൽ തെരഞ്ഞെടുക്കപ്പെട്ട അവരുടെ ഇടയൻ മലങ്കര സഭയുടെ പരമാധ്യക്ഷൻ ആ ചരിത്ര സമ്മേളനത്തിന് അധ്യക്ഷം വഹിക്കുന്നു എന്നതു തന്നെയാണ്. ഒരു ജനതയുടെ അടങ്ങാത്ത സ്വാതന്ത്ര്യ ബോധത്തിന്റെയും അതിനുവേണ്ടി അവർ നൽകിയ മരണത്തോളമെത്തുന്ന പോരാട്ടങ്ങളുടെയും പക്വ ഫലമാണ് ഈ ചരിത്ര നിയോഗം.

1876-ലെ സുന്നഹദോസ് സഭയെ ഭരണസൗകര്യാർത്ഥം ഏഴ് ഭദ്രാസനങ്ങളായി വിഭജിക്കാൻ തീരുമാനിച്ചുവെങ്കിലും, ഇത് മലങ്കര മെത്രാപ്പോലീത്തായുടെ ഏകനായക അധികാരത്തെയും സഭയുടെ കേന്ദ്രീകൃത സ്വയംഭരണത്തെയും ഇല്ലാതെയാക്കാൻ നടത്തിയ ഗൂഢതന്ത്രമായിരുന്നു എന്ന് വിലയിരുത്തുന്ന ചരിത്രപണ്ഡിതന്മാരും ഉണ്ട്. ബാഹ്യശക്തികളുടെ ഇരട്ടത്താപ്പുകളും തന്ത്രങ്ങളും മറനീക്കി പുറത്തുവന്നപ്പോഴും മലങ്കരയിലെ വിശ്വാസിസമൂഹം തങ്ങളുടെ ഔദ്യോഗിക തലവനോടൊപ്പം ഉറച്ചുനിന്നു. ഏത് വലിയ പ്രതിസന്ധിയിലും മലങ്കര മെത്രാപ്പോലീത്തായുടെ നായകത്വത്തിൽ അടിയുറച്ചു നിലനിൽക്കാനും, സഭയുടെ ഉൽകർഷത്തിനായി ഉചിതമായ തീരുമാനങ്ങളെടുത്ത് അവ നടപ്പിലാക്കാനും മലങ്കര മക്കൾ എന്നും തങ്ങളുടെ പിതാവിനോടൊപ്പം തന്നെ നിലകൊണ്ടു.

അന്ത്യോക്യാ സിംഹാസനവുമായുള്ള ആത്മീയ ബന്ധത്തെ ബഹുമാനിക്കുമ്പോൾ തന്നെ, അതിനെ ഭരണപരമായ ആധിപത്യമായി വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങളെ സഭ ശക്തമായി എതിർത്തു. ഈ സ്വാതന്ത്ര്യബോധമാണ് പിന്നീട് പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിലുള്ള സ്വയംഭരണ പോരാട്ടങ്ങളിലേക്കും സ്വന്തം മണ്ണിൽ ആത്മീയ-ഭരണ പരമാധികാരം ഉറപ്പിച്ച കാതോലിക്കേറ്റിന്റെ സ്ഥാപനത്തിലേക്കും വഴിതെളിച്ചത്. സഭയുടെ സ്വാതന്ത്ര്യം എന്നത് ആർക്കെങ്കിലും എതിരെയുള്ള മുദ്രാവാക്യമല്ല, മറിച്ച് വിദേശ അധിനിവേശങ്ങളെയും അധികാരമോഹങ്ങളെയും അതിജീവിച്ച്, മനുഷ്യനേതൃത്വങ്ങൾക്കപ്പുറം യേശുക്രിസ്തുവിനെ സഭയുടെ യഥാർത്ഥ നാഥനായി സ്വീകരിച്ച് സ്വന്തം ദൗത്യം നിർവ്വഹിക്കലാണ്.

1876-ൽ ബാഹ്യ സമ്മർദ്ദങ്ങളായിരുന്നു വെല്ലുവിളിയെങ്കിൽ, 2026-ൽ പുതിയ കാലത്തെ വെല്ലുവിളികളെയാണ് സഭ നേരിടുന്നത്. ഈ സാഹചര്യത്തിൽ മലങ്കര അസോസിയേഷൻ എന്നത് വെറുമൊരു കൂടിവരവ് ആകാതെ ഓരോ പ്രതിനിധിയും സഭയുടെ വിശ്വാസത്തിന്റെ കാവൽക്കാരനായി മാറുന്ന ദൗത്യവേദിയാകണം. 'യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ' എന്ന സത്യത്തിൽ അധിഷ്ഠിതമായി, ക്രിസ്തുവിൽ വിശ്വാസവും തിരു വചനത്തിൽ അടിസ്ഥാനവും ഉത്തമ സഭാ പാരമ്പര്യങ്ങളിൽ വേരുകളും ഉറപ്പിച്ച്, ഒരേ മനസ്സോടെ മുന്നോട്ട് പോകാൻ ഈ 150-ാം വർഷത്തിൽ മുളന്തുരുത്തി നമ്മെ ആഹ്വാനം ചെയ്യുന്നു.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

അതുല്യമായ സഭാ പാർലമെന്റ്

(അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത)

ലോകത്ത് ഒരു സഭയിലും മലങ്കരസഭയുടെ അസോസിയേഷൻപോലെ വിപുലവും, പ്രാതിനിധ്യ സ്വഭാവമുള്ളത്, ഒന്നര നൂറ്റാണ്ടുപഴക്കമുള്ളതുമായ ഒരു കൂട്ടായ്മ ഉണ്ടാവാനിടയില്ല. ഭരണപരവും, ആത്മികവുമായ നിശ്ചയങ്ങൾ സഭയ്ക്കുവേണ്ടി നിശ്ചയിക്കാൻ കഴിവുള്ളതാണത്. മിക്കവാറും എല്ലാ സഭാസ്ഥാനിക്കളെയും തെരഞ്ഞെടുക്കാൻ അധികാരപ്പെട്ട ഭരണഘടനാ സമിതിയാണിത്. ഗ്രീസിലെ, ഏതൻസിലെ രൂപപ്പെട്ട ജനാധിപത്യ സംവിധാനത്തിലെ പതിപ്പ്. ഇതാ ഇവിടെ സഭയിൽ. സഭ നിയതമായി രൂപീകരിച്ച് സഭ നൽകിയതാണ്. 1934-ലെ സഭാ ഭരണഘടന. ഓർത്തഡോക്സ് സഭകളിലും, പ്രോട്ടസ്റ്റന്റ് സമൂഹങ്ങളിലും മാത്രമേ ജനാധിപത്യത്തിന്റെ ഈ വിശിഷ്ടരൂപം ലഭ്യമായിട്ടുള്ളൂ.

ദൈവഹിതം, സഭാംഗങ്ങളിലൂടെ വെളിവാകുന്ന അനന്യ പ്രതിഭാസമാണ് മലങ്കര അസോസിയേഷൻ. മലങ്കര സഭാപിതാക്കന്മാരുടെ ദീർഘദൃഷ്ടിയുടെ ഫലമാണിത്.

മലങ്കര അസോസിയേഷന്റെ ചരിത്രം 1886-ൽ മുളന്തുരുത്തിയിൽ സമാരംഭിക്കുന്നു. മലങ്കര മെത്രാപ്പോലീത്തയാണ് അതിന്റെ അദ്ധ്യക്ഷനും പ്രസിഡന്റും. ഒന്നുര നൂറ്റാണ്ടിനുശേഷം അസോസിയേഷൻ മുളന്തുരുത്തിയിൽ തിരികെ എത്തിയിരിക്കുന്നു. പ്രഥമ മലങ്കര അസോസിയേഷന്റെ രംഗം, പ്രഥമ വി. മൂറോൻ കൂദാശയുടെ വേദി, പരിശുദ്ധ പരുമല പുണ്യവാളന്റെ മാതൃ ഇടവക, അദ്ദേഹത്തിന്റെ മെത്രാൻ സ്ഥാനാരോഹണത്തിന്റെ 150-ാം വാർഷികം ഇതെല്ലാം മുളന്തുരുത്തിയിൽ ഒന്നിക്കുന്നു. 2026 ആഗസ്റ്റ് 27 മലങ്കര നസ്രാണികൾ സഭ കൂടന്ന മഹാദിനമാണ്. സഭാപരവും ആത്മികവുമായ സജീവ സ്മരണകൾ അലയടിക്കുന്ന മുളന്തുരുത്തി മാർത്തോമൻ പള്ളി ഏതർത്ഥത്തിലും ഭാഗ്യവതി തന്നെ.

2026-ലെ മലങ്കര അസോസിയേഷന് ആതിഥ്യം അരുളുന്നത് ഒന്നര നൂറ്റാണ്ടിന്റെ ചരിത്രമുള്ള കൊച്ചി മെത്രാസനമാണ്. ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു മഹാസഭാ സംഗമമായി ഇതു പരിണമിക്കട്ടെ.

പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവ

അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത



മുളന്തുരുത്തിക്ക് ഇത് സുകൃതദിനം

അഡ്വ. ബിജു ഉമ്മൻ സെക്രട്ടറി, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ

നാലായിരത്തോളം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഉൾപ്പെടുന്ന ലോകത്തിലെ ഏറ്റവും വലിയ പാർലിമെന്റ് മുളന്തുരുത്തിയിൽ സമ്മേളിക്കുകയാണ്. 150 വർഷങ്ങൾക്കുമുമ്പ് ഇതേ മണ്ണിലാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ എന്ന ഈ നസ്രാണി പ്രതിനിധി സഭ ഔദ്യോഗികമായി പിറവിയെടുത്തത്.

സഭയുടെ പൊതു ഭരണത്തിന് വ്യക്തമായ ഒരു ആധുനിക ചട്ടക്കൂട് എന്ന ആശയത്തിലേയ്ക്ക് മലങ്കര നസ്രാണികൾ എത്തിയത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലാണ്. 1873-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാപ്പോലീത്താ പരുമലയിൽ ഒരു മലങ്കരപള്ളി യോഗം വിളിച്ചുകൂട്ടി മലങ്കര അസോസിയേഷനും അസോസിയേഷന് ഒരു മാനേജിംഗ് കമ്മറ്റിയും രൂപീകരിച്ചു. മാനേജിംഗ് കമ്മറ്റിയിൽ കത്തനാരുമാരും അവൈദീകരും ഒന്നിന് രണ്ട് എന്ന പഴയ മലങ്കര പള്ളിയോഗത്തിന്റെ അനുപാതത്തിലായിരുന്നു അംഗബലം. പക്ഷേ സാങ്കേതിക കാരണങ്ങളാൽ ഈ പള്ളിയോഗത്തിന് നിയമ പ്രാബല്യം ലഭിച്ചില്ല.

ഇതിനെത്തുടർന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ, അന്ന് മലങ്കരയിൽ സന്ദർശനം നടത്തിക്കൊണ്ടിരുന്ന അന്ത്യോഖ്യയുടെ പ.ഇഗ്നാത്തിയോസ് പത്രോസ് പാത്രിയർക്കീസിനെക്കൊണ്ട് 1876 ജൂൺ 27-30 തീയതികളിൽ മുളന്തുരുത്തിയിൽ ഒരു മലങ്കര പള്ളിയോഗം വിളിച്ചു ചേർപ്പിച്ചു. അതാണ് തോത്തര കനക ജൂബിലിയിലെത്തി നിൽക്കുന്ന ചരിത്രപ്രസിദ്ധമായ മുളന്തുരുത്തി സുന്നഹദോസ്.

1876-ൽ സ്ഥാപിതമായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും ശേഷം എടുത്ത ഏറ്റവും സുപ്രധാന തീരുമാനമാണ് 1934-ൽ മലങ്കര സഭാ ഭരണഘടന പാസാക്കിയത്. ഭരണഘടനപ്രകാരം മലങ്കര സഭയ്ക്ക് ഒരു എപ്പിസ്കോപ്പൽ സുന്നഹദോസ് നിലവിൽ വന്നു. അതോടൊപ്പം സഭയുടെ ആത്മീയവും കൗദാശികവുമായ പൂർണ്ണ അധികാരം പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ മാത്രം അധികാര പരിധിയിലാക്കി. അതേസമയംതന്നെ പൗരസ്ത്യ കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ, മെത്രാന്മാർ ഇവരെ തിരഞ്ഞെടുക്കാനുള്ള അധികാരം അസോസിയേഷൻ നിലനിർത്തി.

ഇത്തരുണത്തിൽ മലങ്കര സഭയുടെ സ്വയംഭരണവും സ്വയം ശീർഷകത്വവും നിലനിർത്തുന്നതിനു ഗണ്യമായ സംഭാവന ചെയ്ത ചിലരെ സ്മരിക്കാതെ തരമില്ല. മുളന്തുരുത്തി പള്ളിയിൽ അന്ന് താമസിച്ചിരുന്ന 1653-ന് ശേഷം മലങ്കര സഭയുടെ നിലനിൽപ്പിന്റെ അടിസ്ഥാനമായ മഹാനായ മാർത്തോമാ ഒന്നാമൻ മെത്രാനെയും അദ്ദേഹത്തിന്റെ മുഖ്യ സഹായിയായ ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരേയും പിടികൂടി വധിക്കുവാൻ മുളന്തുരുത്തി പള്ളി പട്ടാളക്കാർ വളഞ്ഞപ്പോൾ സ്വജീവൻ പണയംവെച്ച് വേഷപ്രശ്ചന്നരായി അവർക്ക് രക്ഷപ്പെടുവാൻ സ്വജീവനുകൾ പണയംവെച്ച് അതിനായി കഠിന മർദ്ദനം ഏൽക്കേണ്ടിവന്ന മുളന്തുരുത്തിയിലെ അജ്ഞാത നാമരായ താടിനീട്ടിയ രണ്ടു വൃദ്ധന്മാർ ആണ് അവരിൽ ആദ്യം. ആധുനിക മലങ്കര സഭയ്ക്ക് ആത്മീയവും ലൗകീകവുമായ അടിസ്ഥാനമിട്ട, മുളന്തുരുത്തി സുന്നഹദോസിന്റെയും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെയും യഥാർത്ഥ ശില്പിയായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പൊലീത്താ ആണ് രണ്ടാമത്. അറിയപ്പെടുന്ന ചരിത്രത്തിൽ പ.സഭയ്ക്കുവേണ്ടി രക്തസാക്ഷിയായ ഏക പട്ടക്കാരനായ പൊന്നാടത്ത് മത്തയി കത്തനാരും സഹരക്തസാക്ഷിയായ ആധുനിക മുളന്തുരുത്തിയുടെ ശില്പിയായ ചാലിൽ കൊച്ചുകൊര എന്നിവരാണ് മൂന്നാമത്.

2026 ഓഗസ്റ്റ് 27. ഇത് മറ്റൊരു ചരിത്ര മുഹൂർത്തമാണ്. 1876-ൽ ഇതേ തീയതിയിലാണ് അന്തോഖ്യയുടെ പ. ഇഗ്നാത്തിയോസ് പത്രോസ് പാത്രിയർക്കീസ്, മുളന്തുരുത്തി പള്ളിയിൽ വച്ച് പ. മൂറോൻ കൂദാശ ചെയ്തത്. മലങ്കരയിൽ ഇദംപ്രഥമമായി നടന്ന ഈ വിശുദ്ധ കർമ്മത്തിന്റെ ശതോത്തര കനക ജൂബിലി ദിനത്തിൽതന്നെ അവിടം അസോസിയേഷന്റെ വേദിയാകുന്നത് മറ്റൊരു നിയോഗം.

സഹസ്രാബ്ദ നിറവിലെത്തി നിൽക്കുന്ന മുളന്തുരുത്തി മാർത്തോമ്മൻ പള്ളിക്ക് അഭിമാനിക്കാം. ഈ അത്യുന്നത ജനപ്രതിനിധി സഭയുടെ ഈറ്റില്ലമായതിൽ. ഒന്നര നൂറ്റാണ്ടിനുശേഷം 1876-ൽ ഈ മണ്ണിൽ പിറവിയെടുത്ത മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ അതിനുശേഷമുള്ള 40-ാമത് യോഗത്തിന് ആഥിത്യമരുളുന്നതിൽ. അതും ആദ്യ വി. മൂറോൻ കൂദാശയുടെ അതേ ദിവസം!

ചരിത്രം വീണ്ടും
മുളന്തുരുത്തിയിലേക്ക്

ഫാ. ജോബ് ഡേവിസ്
വികാരി, മാർത്തോമൻ പള്ളി, മുളന്തുരുത്തി

150 വർഷങ്ങൾക്കുശേഷം മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ വീണ്ടും മലങ്കരയുടെ പുണ്യഭൂമിയിൽ.

ചരിത്രത്തിന് ചില വിശുദ്ധ ഇടങ്ങളുണ്ട്. കാലം എത്ര മുന്നോട്ടു പോയാലും അവയുടെ മഹത്വം മങ്ങുകയില്ല. അവിടെ നടന്ന സംഭവങ്ങൾ ഒരു തലമുറയുടെ മാത്രം ഓർമ്മകളല്ല; പിന്നീടുള്ള തലമുറകളുടെയും ജീവിതത്തെ രൂപപ്പെടുത്തുന്ന ചരിത്രത്തിന്റെ നാഴികക്കല്ലുകൾ കൂടിയാണ്.

മുളന്തുരുത്തിയുടെ ചരിത്രപ്രാധാന്യം മലങ്കര സഭയുടെ വളർച്ചയുമായി അദ്ദേഹമായി ബന്ധപ്പെട്ടിരിക്കുന്നു. 1876-ൽ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് പത്രോസ് മൂന്നാമൻ ബാവായുടെ സാന്നിധ്യത്തിൽ മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ, ദിവാന്യാസിയോസ് അഞ്ചാമന്റെ നേതൃത്വത്തിൽ ചേർന്ന വിശുദ്ധ മുളന്തുരുത്തി സുന്നഹദോസ് സഭയുടെ സംഘടനാ ചരിത്രത്തിൽ തന്നെ നിർണായക വഴിത്തിരിവായി മാറി. സഭാഭരണത്തിന്റെ ക്രമീകരണം, കൂട്ടായ നേതൃത്വത്തിന്റെ ശക്തീകരണം എന്നിവയിലൂടെ മലങ്കര സഭയ്ക്ക് പുതിയ ദിശാബോധം നൽകാൻ ആ സുന്നഹദോസിന് കഴിഞ്ഞു. സഭയുടെ ചരിത്രത്തിൽ ഇന്നും അതിന്റെ സ്വാധീനം വ്യക്തമായി അനുഭവപ്പെടുന്നു. ആ ചരിത്രപാരമ്പര്യത്തിന്റെ ജീവനുള്ള തുടർച്ചയാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ.

2026-ലെ അസോസിയേഷനെ ചരിത്രപരമായി കൂടുതൽ ശ്രദ്ധേയമാക്കുന്നത് സഭയ്ക്ക് നാല് പുതിയ മെത്രാപ്പോലീത്തമാരെ തിരഞ്ഞെടുക്കുന്ന ദൗത്യത്തിലൂടെയാണ്. സഭയുടെ ആത്മീയ ശുശ്രൂഷയെയും ഭരണപരമായ നേതൃത്വത്തെയും വരുംകാലങ്ങളിൽ നയിക്കേണ്ട മഹാപുരോഹിതൻമാരെ തിരഞ്ഞെടുക്കുന്ന ഈ പ്രക്രിയ, അതീവ ഗൗരവമുള്ള ഉത്തരവാദിത്തമാണ്. ഇത് ഒരു തിരഞ്ഞെടുപ്പ് മാത്രമല്ല; പ്രാർത്ഥനയുടെയും വിവേകത്തിന്റെയും ദൈവഹിതാന്വേഷണത്തിന്റെയും വിശുദ്ധ നിമിഷമാണ്.

ഈ മഹാസംഗമത്തിന് ആതിഥേയത്വം വഹിക്കുന്നത് ചരിത്രപ്രസിദ്ധമായ മുളന്തുരുത്തി മാർത്തോമൻ ദേവാലയവും കൊച്ചി ഭദ്രാസനവുമാണ്. വിശുദ്ധ മാർത്തോമശ്ലീഹായുടെ പൈതൃകവും, പാരമ്പര്യവും പേറുന്ന ഈ ദേവാലയം മലങ്കര സഭയുടെ ചരിത്രത്തിൽ തന്നെ അതുല്യമായ സ്ഥാനമാണ് അലങ്കരിക്കുന്നത്. സുന്നഹദോസിന്റെ ഓർമ്മകൾ ഇന്നും ജീവിക്കുന്ന ഈ വിശുദ്ധ മണ്ണിൽ വീണ്ടും സഭയുടെ പരമോന്നത ജനപ്രതിനിധി സമ്മേളനം ചേരുന്നത് യാദൃശ്ചികമായ ഒരു സംഭവം മാത്രമല്ല; അതൊരു ദൈവനിയോഗമാണ്.

"മുളന്തുരുത്തി ദേശം വീണ്ടും സഭയുടെ ഹൃദയസ്പന്ദനമാകുന്ന ഈ അനുഗ്രഹീത നിമിഷം, വരും തലമുറകൾക്ക് അഭിമാനത്തോടെ അനുസ്മരിക്കാവുന്ന ഒരു വിശുദ്ധ അധ്യായമായി നിലനിൽക്കട്ടെ.'



മാർത്തോൻ ദേവാലയം
മാർത്തോമൻ പൈതൃക നക്ഷത്രവും, മുളന്തുരുത്തിയുടെ വെളിച്ചവും

ഡെന്നി വർഗീസ് എം. ഡയറക്ടർ,ദിവ്യബോധനം, കൊച്ചി മെത്രാസനം

കർതൃ ശിഷ്യനായ കർത്താവിൻ നമ്മെ ജനിപ്പിച്ച പരി. മാർ തോമാ ശ്ലീഹായുടെ നാമധേയത്തിൽ 900 വർഷം പിന്നിട്ട പുണ്യദേവാലയം. പതിനഞ്ചാം നൂറ്റാണ്ടുമുതൽ സഭാനൗകയുടെ അരമത്ത് നിന്നും നയിച്ച അനേകം പുണ്യപിതാക്കന്മാരുടെ പാദസ്പർശം കൊണ്ട് ധന്യമാക്കപ്പെട്ട ദൈവാലയം. ലോകമെങ്ങും മലങ്കര സഭയുടെ ആത്മസൗരഭ്യം പരത്തിയ മഹാപരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ ആത്മീയ കളിത്തൊട്ടിൽ. ആ പുണ്യപിതാവിന്റെ ആത്മീയ പാതയിൽ പരിശുദ്ധിയുടെ ചുവടുകൾ സ്ഥിരപ്പെടുത്തിയ ഭൂമി. കൊച്ചി രാജ്യത്തിന്റെ അതിർത്തിയും, കോലഞ്ചേരികടവ് നൽകുന്ന ജലഗതാഗത സൗകര്യവും, സുഗന്ധവ്യജ്ഞന ഉത്പാദന കേന്ദ്രങ്ങളിലേക്കുള്ള വാണിജ്യ പാതകളും, മുളനതുരുത്തിയെ ഒരു നസ്രാണി കേന്ദ്രവും മാർത്തോമൻ ദൈവാലയ നിർമ്മിതിക്കും കാരണമാക്കി തീർത്തു എന്നതാണ് ചരിത്രം. ക്രിസ്തുവർഷം 1100 നും 1125 നും ഇടയിൽ സ്ഥാപിക്കപ്പെട്ട് 900 വർഷം (ഒരു സഹസ്രാബ്ദം) പിന്നിടുമ്പോൾ, മലങ്കര സഭയിലെ ആത്മീയ പ്രഭ പരത്തി പരിലസിക്കുന്ന ഒരു അനുഗ്രഹീത ദേവാലയമായി ഈ ദൈവാലയം മാറിയിരിക്കുന്നു.

മുളന്തുരുത്തി മാർത്തോമൻ പള്ളി ലോക ജനതയ്ക്ക് - മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് വരദാനമായി നൽകിയ അനുഗ്രഹീത സമ്മാനമാണ് പരി. പരുമല തിരുമേനി. മുളന്തുരുത്തി ദേവാലയത്തിലെ മാമോദീസാ തൊട്ടിയിൽ സ്നാനമേറ്റ്, ദേവാലയ ശുശ്രൂഷ നടത്തി, വെട്ടിക്കൽ ദയറായിലൂടെ കരുപിടിപ്പിച്ച തപഃചര്യ ചാത്തുരുത്തിയിൽ കൊച്ചയ്പോര എന്ന ബാലൻ, മെത്രാപ്പൊലീത്ത അസിസ്റ്റന്റ്, മലങ്കര മെത്രാപ്പൊലീത്ത എന്നീ സ്ഥാനങ്ങളിലൂടെ കടന്ന് ജനലക്ഷങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ പരുമല കൊച്ചുതിരുമേനി എന്ന പുണ്യ പദവിയിലേക്ക് വളർന്നു.

ചരിത്രാതീത പഴമയും വാസ്തുവിദ്യയുടെ മനോഹാരിതയും

ഈ പുരാതന ദേവാലയം കേരളത്തലെ ക്രിസ്തീയ പൈതൃകത്തിന്റെ ഇന്നും നിലനിൽക്കുന്ന ചരിത്ര സാക്ഷ്യമാണ്. 11 -ാം നൂറ്റാണ്ടിൽ സ്ഥാപിതമായ ദേവാലയം, വാസ്തുവിദ്യാശൈലികളുടെ പ്രൗഡവും മനോഹരവുമായ സമന്വയ കാഴ്ചയാണ് നമുക്ക് ഒരുക്കുന്നത്. കേരള, ദക്ഷിണേന്ത്യൻ ഘടകങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ഗോതിക്, പശ്ചിമേഷ്യൻ, യൂറോപ്യൻ രൂപങ്ങൾ എന്നിവയുടെ മനോഹാരിത വെളിപ്പെടുത്തുന്നു. പള്ളിയുടെ പ്രധാന ബലിപീഠത്തിന്റെ കൊത്തുപണികൾ, പ്രതീകാത്മക ഐക്കണുകൾ, പുരാതന പെയിന്റിംഗുകൾ, ആയിരം വർഷം പഴക്കമുള്ള മാമോദീസ തൊട്ട എന്നിവയെല്ലാം കാലപഴക്കത്തെ അതിജീവിച്ച് ഇന്നും വിശ്വാസ സമൂഹത്തെ ആകർഷിച്ചുവരുന്നു.

മലങ്കര സഭാചരിത്രത്തിൽ മുളന്തുരുത്തി പള്ളിയുടെ അദ്വിതീയ സ്ഥാനം

മലങ്കര സഭാചരിത്രത്തിൽ, സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തിയിരിക്കുന്ന ചരിത്ര സംഭവമാണ് മുളന്തുരുത്തി സുന്നഹദോസ് 1876 ജൂൺ 28 മുതൽ 30 വരെ അന്ത്യോക്യാ പാത്രിയർക്കീസ് പരി. പത്രോസ് ത്രിതീയൻ ബാവയുടെ അദ്ധ്യക്ഷതയിൽ നടന്ന സുന്നഹദോസിൽ വച്ചാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും സഭാ മാനേജിംഗ് കമ്മിറ്റിയും രൂപീകരിച്ചത്. മലങ്കര സഭയിൽ ആദ്യമായി ഏഴു ഭദ്രാസനങ്ങൾ രൂപീകരിച്ചു. മലങ്കര സഭയുടെ ഭരണഘടനയുടെ അടിത്തറയായ മുളന്തുരുത്തി പടിയോല രേഖപ്പെടുത്തി. സഭയുടെ തദ്ദേശീയമായ ഭരണ സംവിധാനവും രൂപപ്പെടുത്തുന്നതിലും സുന്നഹദോസ് നിർണായക പങ്കുവഹിച്ചു.

വി. മൂറോൻ കൂദാശ

1879 -ൽ തന്നെ, ഓഗസ്റ്റ് 27 -ന് വാങ്ങിപ്പ് പെരുന്നാൾ ദിവസം പരി.പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് മുളന്തുരുത്തിൽ വച്ച് വി. മൂറോൻ കൂദാശ നടത്തി. മലങ്കരയിൽ ആദ്യമായി നടന്ന വി. മൂറോൻ കൂദാശയാണെന്ന് പിന്നീട് 1914 ഓഗസ്റ്റ് 19 ന് അന്ത്യോക്യൻ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് ദ്വിതീയൻ ബാവ വി. മൂറോൻ കൂദാശ നടത്തിയതും മുളന്തുരുത്തിയിൽ വച്ചാണ്.

2026 ഓഗസ്റ്റ് 27 ന് മലങ്കര ഓർത്തഡോക്സ് സഭാ ചരിത്രത്തിലെ മറ്റൊരു സുവർണ്ണ അദ്ധ്യായത്തിനും മുളന്തുരുത്തി മണ്ണ് ഒരുങ്ങുമ്പോൾ, നമ്മൾ അതിന് സാക്ഷ്യം വഹിക്കുമ്പോൾ, ഈ മണ്ണിൽ ഓർത്തോഡോക്സിക്ക് വേണ്ടി അനേക ത്യാഗങ്ങൾ സഹിച്ച പിതാക്കന്മാരെ നമുക്ക് സ്നേഹാദരവുകളോടെ സ്മരിക്കാം. ജാതിക്ക് തലവൻ ഒന്നാം മാർത്തോമയുടെ രക്ഷയ്ക്കായ് സ്വജീവൻ മറുവിലയായി നൽകിയ മുളന്തുരുത്തിയിലെ നസ്രാണി പിതാമഹന്മാരെ ഓർത്ത് നമുക്ക് അഭിമാനിക്കാം. ജീവനുള്ള ദൈവത്തിന്റെ സാക്ഷികളായി, ഓർത്തഡോക്സിയുടെ പിൻഗാമികളായി, സത്യവിശ്വാസ പാതയിൽ, വരും തലമുറകൾക്ക് മാതൃകയായി നിലകൊള്ളുവാൻ സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സമർപ്പണം

ഫാ. സഞ്ജയ് ഏലിയാസ് ജോയ്
സപ്ലിമെന്റ് കൺവീനർ

മുളന്തുരുത്തി മാർത്തോമൻ പള്ളി മലങ്കര സഭയുടെ പൈതൃക ഭൂമിയാണ്. സഭയുടെ ചരിത്ര ഭൂപടത്തിൽ നിന്നും ഏറെ എളുപ്പത്തിൽ മാർത്തോമൻ ദൈവാലയത്തെ കണ്ടെത്തുവാൻ കഴിയും. എന്തെന്നാൽ കഴിഞ്ഞ 900 വർഷങ്ങളായി മലങ്കര സഭയുടെ സുപ്രധാനമായ വിവിധ നിർണ്ണായക മുഹൂർത്തങ്ങൾക്ക് സാക്ഷിയായത് ഈ പുണ്യ ഭൂമികയാണ്. അതിൽ 2026 എന്ന വർഷത്തിൽ നൂറ്റമ്പത് വർഷങ്ങളുടെ ജൂബിലി നിറവിൽ നിൽക്കുന്ന ചില ചരിത്ര വസ്തുതകളെ അക്കമിട്ട് രേഖപ്പെടുത്താവുന്നതാണ്.

1. 1876 മുതൽ മലങ്കര സഭയുടെ ഭരണസംവിധാനത്തിന് വ്യത്യസ്തമായ ഒരു ദിശബോധം നൽകിയ മുളന്തുരുത്തി സുന്നഹദോസ് എന്ന മഹാസമ്മേളനത്തിന് മുളന്തുരുത്തി പള്ളി ആതിഥേയത്വം വഹിച്ചതിന്റെ 150 -ാം വാർഷികം.
2. സത്യവിശ്വാസത്തിന്റെ മുദ്രയും അടയാളവുമായ വിശുദ്ധ മൂറോൻ തൈല ത്തിന്റെ പവിത്രഗന്ധം ആദ്യമായി മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ നിന്നും വിശുദ്ധ മൂറോൻ കൂദാശയിലൂടെ മലങ്കര ആകമാനം പടർന്നതിന്റെ 150 -ാം വാർഷികം.
3. മലങ്കരയുടെ പ്രഖ്യാപിത വിശുദ്ധൻ പരിശുദ്ധ പരുമല തിരുമേനി തന്റെ വിശുദ്ധ ജീവിതത്തിന്റെ യാത്ര ആരംഭിക്കുന്നത് മാതൃ ഇടവകയായ മുളന്തുരുത്തി പള്ളിയിൽ നിന്നാണ്. ആ പിതാവ് മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർന്നതിന്റെ 150 -ാം വാർഷികം.

ഇങ്ങനെയുള്ള സുവർണ്ണ സ്മൃതികൾ 2026 ൽ മാർത്തോമൻ ദൈവാലയം ആഘോഷിക്കുന്നത് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനെ വരവേറ്റുകൊണ്ടാണ്. മുളന്തുരുത്തി പള്ളിയുടെ ചരിത്രത്തിന് വീണ്ടും തിളക്കമേറുന്ന പ്രൗഢഗംഭീരമായ ഈ അവസരത്തിൽ മാർത്തോമൻ ഇടവകയുടെ യുവജന പ്രസ്ഥാനം പ്രസിദ്ധീകരിക്കുന്ന അസോസിയേഷൻ സ്പെഷ്യൽ സപ്ലിമെന്റ് അഭിമാനപൂർവ്വം സമർപ്പിക്കുന്നു...

അനുഗ്രഹ ആശംസകൾ നേർന്ന പരിശുദ്ധ കാതോലിക്കാ ബാവ തിരുമേനി...
സപ്ലിമെന്റിന് പേര് നിർദ്ദേശിക്കുകയും, മാർഗ്ഗദർശനം നൽകുകയും ചെയ്ത ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ യാക്കൂബ് മാർ ഐറേനിയോസ് തിരുമേനി...
സപ്ലിമെന്റിന് പിന്തുണ നൽകിയ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ സാർ...
മുന്നിൽ നിന്ന് നയിക്കുന്ന ഇടവക വികാരി വന്ദ്യനായ ജോബ് ഡേവീസ് അച്ചൻ...
ലേഖനം പങ്കുവെച്ച ബഹുമാനപ്പെട്ട ഡെന്നി സാർ...
സാമ്പത്തികമായി സഹായിച്ച വിവിധ പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ, പ്രിയപ്പെട്ടവർ...
സപ്ലിമെന്റിന് നിറവും ഛായയും പകർന്ന ആർജി കമ്മ്യൂണിക്കേഷൻസ്.....
രാവും പകലും എന്നില്ലാതെ സപ്ലിമെന്റിന്റെ സാക്ഷാത്കാരത്തിനു വേണ്ടി പ്രയത്നിച്ച യുവജനപ്രസ്ഥാന അംഗങ്ങൾ...

ഏവരോടും ഹൃദയം നിറഞ്ഞ
നന്ദി... സ്നേഹം... പ്രാർത്ഥനകൾ...
വിശുദ്ധന്റെ ജന്മനാട്
ചരിത്രം ആവർത്തിക്കുകയാണ്...
മലങ്കര സഭയേ... നീ എത്രയോ ധന്യവതിയാകുന്നു...
മാർത്തോമൻ ദൈവാലയമേ... നീ ഭാഗ്യവതി തന്നെ...

Editorial board

ഫാ. ജോബ് ഡേവിസ്
വികാരി, മാർത്തോമൻ പള്ളി
മുളന്തുരുത്തി

ഫാ. അലക്സ് പി ജോർജ്
സഹവികാരി, മാർത്തോമൻ പള്ളി
മുളന്തുരുത്തി

ഫാ. സഞ്ജയ് ഏലിയാസ് ജോയ്
സഹവികാരി, മാർത്തോമൻ പള്ളി
മുളന്തുരുത്തി

ഫാ. സജോ തോമസ്
സഹവികാരി, മാർത്തോമൻ പള്ളി
മുളന്തുരുത്തി

അഡ്വ. ജോ പൊല്ലയിൽ
മാർത്തോമൻ പള്ളി, മുളന്തുരുത്തി

ഫെബിൻ ജോർജ്ജ്
മാർത്തോമൻ പള്ളി, മുളന്തുരുത്തി

ബെൻ വിൽസൺ
മാർത്തോമൻ പള്ളി, മുളന്തുരുത്തി

Printed at : Aargee Communications

Published by: OCYM Marthoman Church, Mulanthuruthy